1

# ഞായർ

**മത്തായി 21:1-11; 26:6-13; മർക്കൊസ് 11:1-11; 14:3-9; ലൂക്കൊസ് 19:29-44; യോഹന്നാൻ 12:1-19**

*"അവൻ പോകുമ്പോൾ, അവർ തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു. അവൻ ഒലിവു മലയുടെ ഇറക്കത്തിനു അടുത്തപ്പോൾ, ശിഷ്യന്മാരുടെ കൂട്ടം എല്ലാം തങ്ങൾ കണ്ട സകല വീര്യപ്രവൃത്തികളെയും കുറിച്ചു സന്തോഷിച്ചു അത്യുച്ചത്തിൽ ദൈവത്തെ പുകഴ്ത്തി ..." (ലൂക്കൊസ് 19:36, 37).*

എന്തൊരു ദിവസം! എന്തൊരു ആഴ്ച്ച! ഇത് ദൈവത്തിന്റെ പുത്രനായ, യേശു, മരിച്ച ആഴ്ച്ചയുടെ ആരംഭം ആയിരുന്നു! ദൈവത്തിന്റെ വലിയ പ്രവൃത്തിയുടെ ആഴ്ച്ചയായിരുന്നു അത് – അവന്റെ ക്രൂശ് മുഖാന്തരമായിരുന്നു അത്! അതു ലോകത്തെ തന്നെയും, എന്നെയും മാറ്റിയ ആഴ്ച്ചയായിരുന്നു!

വിശദാംശങ്ങൾ ഒന്നിച്ചു ചേർത്താൽ, ക്രിസ്തുവിന്റെ ജീവിതത്തിലെ നാല്പതിൽ – അധികം ദിവസങ്ങളിലെ കാര്യങ്ങളാണ് ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്നതു എന്നു കാണാം, എങ്കിലും അവൻ മരിച്ച ആഴ്ച്ചയുടെ ദിവ്യമായ വിവരണങ്ങൾ അവന്റെ പ്രവൃത്തികളെ കുറിച്ചു അസംഖ്യം അറിവുകൾ നല്കുന്നുണ്ട്. പുതിയ നിയമ പുസ്തകങ്ങളായ മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ പുസ്തകങ്ങളിലെ മൂന്നിൽ ഒരുഭാഗം യേശു ആ ആഴ്ച്ചയിൽ ചെയ്ത കാര്യങ്ങൾ വിവരിക്കുന്നതാണ്; യോഹന്നാന്റെ സുവിശേഷത്തിന്റെ ഒരു – പകുതിയും വരും. അത്രയും സ്ഥലം അതിനായി മാറ്റിയിരിക്കുന്നതിനാൽ ആ ആഴ്ച്ചയുടെ – എല്ലാ പ്രാധാന്യവും നമുക്കു നൽകുന്നു.

തന്റെ ശുശ്രൂഷാ സമയത്ത്, യേശു അധിക സമയവും യെരുശലേമിൽ ചെലവഴിച്ചില്ല. ഇപ്പോൾ, യേശു യെരുശലേമിലേക്കു പോകുവാൻ തീരുമാനിച്ചു (ലൂക്കൊസ് 9:51). അവൻ തന്നെ പൂർണ്ണമായും നിയന്ത്രിച്ചു; അവൻ മരിക്കുവാനായി യെരുശലേമിലേക്കു പോയി.

ഈ സമയത്ത് യേശു എന്തു ചെയ്തു? അവൻ ഉപദേശിച്ചു! ക്രൂശിൽ വെച്ചും അവൻ ഉപദേശിക്കുകയായിരുന്നു! യെഹൂദന്മാർ, തങ്ങൾക്കു മശിഹ വേണമെന്നു പറഞ്ഞു[1]; എങ്കിലും, അവൻ വന്ന

പ്പോൾ, അവർ അവനെ ക്രൂശിൽ തറെപ്പിച്ചു! മശിഹ എന്ന അവരുടെ ആശയം അവൻ നിറവേറ്റിയില്ല. അവൻ നമുക്കു യോജിക്കുന്നുണ്ടോ? ബൈബിളിലെ ക്രിസ്തുവിനെ നമുക്കു സ്വീകരിക്കുവാൻ കഴിയുന്നുണ്ടോ?

ലോകത്തെ മാറ്റി മറിച്ച ആ ആഴ്ച്ചയിലെ ഞായർ നമുക്ക് ഒന്നു നോക്കാം. യേശു ആ ആഴ്ച്ചയിൽ എന്തു ചെയ്തു എന്നതും അതി നോടു നമുക്കുള്ള പ്രതികരണവും ആശ്രയിച്ചായിരിക്കും എല്ലാ നിത്യതയും.

## അഭിഷേകം

ആ ഞായറാഴ്ച്ചയിലെ ആദ്യ സംഭവം യേശുവിന്റെ അഭിഷേകം ആയിരുന്നു (മത്തായി 26:6–13; മർക്കൊസ് 14:3–9; യോഹന്നാൻ 12:1–8). ബെഥാന്യയിലെ കുഷ്ഠ രോഗിയായിരുന്ന ശിമോന്റെ വീട്ടിൽ ആയിരുന്നു അവൻ: “അവിടെ അവർ അവന്നു ഒരു അത്താഴം ഒരുക്കി, മാർത്ത ശുശ്രൂഷ ചെയ്തു; ലാസരോ അവനോടുകൂടെ പന്തിയിൽ ഇരുന്നവരിൽ ഒരുവൻ ആയിരുന്നു” (യോഹന്നാൻ 12:2).[2] അത്താഴത്തിൽ, മറിയ വിലയേറിയ തൈലം കൊണ്ടു യേശുവിനെ അഭിഷേകം ചെയ്തു. ഒരു സാധാരണ ജോലിക്കാരന്റെ ഒരു വർഷത്തെ വേതനം എത്രയാകുമോ അത്രയും വരുമായിരുന്നു അതിന്റെ വില.

ലഭിക്കുന്നതിനെ കുറിച്ചുള്ള പാഠമാണ് നാം ഇവിടെ കാണുന്നത്. യേശുവിന്റെ ജീവിതത്തിൽ മുഴുവൻ യേശു നല്കുന്നതായിട്ടാണ് നാം കാണുന്നത്. പ്രതിസന്ധിയിൽ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് എളുപ്പം, എന്നാൽ യേശു അതു രണ്ടും നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

യൂദാ ഇപ്രകാരം പറഞ്ഞതിൽനിന്നു അവന്റെ ശരിയായ സ്വഭാവം പുറത്തു കൊണ്ടുവന്നു, “ഈ തൈലം മുന്നൂറു വെള്ളിക്കാശിനു വിറ്റു ദരിദ്രന്മാർക്കു കൊടുക്കാഞ്ഞതു എന്തു? ...” (യോഹന്നാൻ 12:4–6). എങ്ങനെ യേശുവിനെ പരസ്യമായി വിമർശിക്കുവാൻ കഴിഞ്ഞു എന്ന അപ്പൊസ്തലന്മാരുടെ[3] ചിന്ത വിസ്മയാവഹമാണ്! യേശുവിനെ ശാസിക്കുന്ന അവരുടെ പ്രവൃത്തി കഠിനവും ബഹുമാനരഹിതവുമായി രുന്നു.

ധർമ്മോപകാരം നമുക്കും മറ്റുള്ളവർക്കും ഒരു അനുഗ്രഹമാണ്, എന്നാൽ യേശുവിനെ ശുശ്രൂഷിക്കുന്നതു അതിലും പ്രധാനപ്പെട്ട കാര്യമാണ്. യേശുവിന് അവനു*വേണ്ടി* എന്തു നല്കിയാലും, അതു “പാഴായി” എന്നു വിചാരിക്കുവാൻ സാധ്യമല്ല. യേശു യൂദയുടെ ഗൂഢ ലക്ഷ്യത്തെ പുറത്തുകൊണ്ടുവരികയും, മറിയയുടെ അതിരു കവിഞ്ഞ സ്നേഹപ്രകടനത്തെ അനുമോദിക്കുകയും ചെയ്തു. യേശുവിന്നു നല്കുന്ന സ്നേഹത്തിന്റെ എന്തും വളരെ കുറവു തന്നെയാണ്.

മറ്റൊരു പാഠം നാം ഇവിടെ കാണുന്നതു യഥാർത്ഥ സ്നേഹിതർ വിലപ്പെട്ടതാണ് എന്നാണ്. മുൻപു യേശു തന്റെ സ്നേഹിതൻ ആയിരുന്ന ലാസറെ ഉയിർപ്പിച്ചിരുന്നു (യോഹന്നാൻ 11). ആ ഉയിർപ്പിക്കൽ യേശുവിനെ ക്രൂശിൽ തറെക്കുവാൻ യെഹൂദന്മാർക്കു ഒരു പ്രചോദനമായി. നമ്മുടെ സൽപ്രവൃത്തികൾ ചിലപ്പോൾ വെറുപ്പിനും ഉപദ്രവത്തിനും കാരണമായേക്കാം.

## വിജയ പ്രവേശം

യേശുവിനു ഒരിക്കലും ഒരു "പുകഴ്ച്ചാസ്വാഗതം" ലഭിച്ചിട്ടില്ല. ഇവിടെ അവൻ അതു തിരഞ്ഞെടുത്തു (നോക്കുക മത്തായി 21:1-11; മർക്കൊസ് 11:1-11; ലൂക്കൊസ് 19:29-44; യോഹന്നാൻ 12:12-15). യെഹൂദന്മാരുടെ രാജാധിരാജാവായി അവൻ കഴുതപ്പുറത്തുകയറി നഗരത്തിലേക്കു പോയി. അവൻ അങ്ങനെ ചെയ്തതു, ആളുകൾ അവനെ സംബന്ധിച്ചു ഒരു തീരുമാനം എടുക്കുവാൻ നിർബ്ബന്ധിക്കയായിരുന്നു. "ഒന്നുകിൽ എന്നെ സ്വീകരിക്കുക അല്ലെങ്കിൽ എന്നെ കൊല്ലുക!" എന്നതായിരുന്നു അവൻ പറഞ്ഞതു. അവൻ ശ്രദ്ധയോടെ തന്റെ "വിജയ പ്രവേശനം" നടത്തി.

ആരും കയറിയിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കൊണ്ടുവരുവാൻ യേശു രണ്ടു ശിഷ്യന്മാരെ അയച്ചു.[4] ഇതു അത്ഭുതം തന്നെ! കഴുതക്കുട്ടിയുടെ ഉടമസ്ഥൻ യേശുവിനെ അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കാം. അവൻ "കാൽക്കാശ്" ഇല്ലാത്തവനായതുകൊണ്ടാണ് കഴുതയെ കടം വാങ്ങേണ്ടിവന്നത്. സാധാരണ പ്രജകൾ രാജാവിന്റെ അടുക്കലേക്കാണ് പോകുന്നതു; ഇവിടെ രാജാവു പ്രജകളുടെ അടുക്കലേക്കു പോയി.

അവനു മുൻപായി ആളുകൾ മരക്കൊമ്പുകളും വസ്ത്രങ്ങളും റോഡരികിൽ വിരിച്ചു. അവർ ഉച്ചത്തിൽ, "ഹോശന്നാ," എന്നു വിളിച്ചു, അർത്ഥം "ഞങ്ങളെ രക്ഷിക്കേണമേ, എന്നു പ്രാർത്ഥിക്കുന്നു." അവന്റെ ആഘോഷ പ്രവേശനം സെഖര്യാവു 9:9 ന്റെ പ്രവചന നിവർ ത്തീകരണം ആയിരുന്നു.

അവൻ യെരുശലേമിൽ എത്തിയപ്പോൾ, അവൻ വികാരഭരിതനായിരുന്നു - അവന്റെ ഹൃദയം ദുഃഖത്താൽ നിറഞ്ഞിരുന്നു. അവൻ യെരുശലേമിനെ ഓർത്തു കരഞ്ഞു (ലൂക്കൊസ് 19:41). തന്നെ തള്ളിക്കളയുവാൻ പോകുന്നവർക്കുവേണ്ടി അവൻ ഉറക്കെ കരഞ്ഞു. യെരുശലേം ദൈവം തിരഞ്ഞെടുത്ത നഗരം ആയിരുന്നു. പതിനായിരം ഓർമ്മകൾ മാഞ്ഞുപോകുന്നു; സമയം കഴിഞ്ഞുകൊണ്ടിരിക്കുന്നു. യെരുശലേം മുഴുവനായും നശിക്കുവാനിരിക്കുന്നു (ഏ.ഡി. 67-70).

യേശു കഴുതപ്പുറത്തുകയറി സമാധാനത്തോടെ നഗരത്തിലേക്കു പോയി. അവന്റെ പ്രവൃത്തികൾ ഉടനെ അവനെ ക്രൂശിക്കുവാൻ പോകുന്ന റോമാക്കാരെ വിഷമിപ്പിച്ചില്ല.

ഞായറാഴ്ച്ചയിലെ പുരുഷാരം ഗലീലക്കാരായിരുന്നു; എന്നാൽ വ്യാഴാഴ്ച്ചയും, വെള്ളിയാഴ്ച്ചയും കൂടി വന്നിരുന്നവർ യെഹൂദരായിരുന്നു, അവർ യേശുവിന്റെ മരണത്തിനായി നിലവിളിച്ചു. സമാധാനപ്രഭു നഗരത്തിൽ വന്നപ്പോൾ, അവനെ സ്തുതി ഗീതങ്ങ ളാൽ ആദരിച്ചു. എങ്ങനെയായാലും, ഇതു അവന്റെ ശത്രുക്കളെ പ്രവർത്തിക്കുവാൻ നിർബ്ബന്ധിതരാക്കി. ലോകം മുഴുവൻ അവനെ പിൻപറ്റുന്നതായി അവർക്കു തോന്നി (യോഹന്നാൻ 12:19).

പരീശന്മാർ ഭയവിഹ്വലരായി! അവന്റെ ശിഷ്യന്മാരെ ശാസിക്കുവാൻ (നിശബ്ദരാക്കുവാൻ) അവർ അവനോടു ആജ്ഞാപിച്ചു, എന്നാൽ യേശു അതിനു തയ്യാറായില്ല. അവന്റെ ശിഷ്യന്മാർ അവനെ

പുകഴ്ത്തിയിരുന്നില്ലെങ്കിൽ, കല്ലുകൾ അവനെ ആർത്തു സ്തുതിക്കുമായിരുന്നു (ലൂക്കൊസ് 19:40). ഈ "പുകഴ്ച്ചാസ്വാഗതം" ഒരു ഓർമ്മയായി. യെരുശലേം അതു *ശ്രദ്ധിക്കുവാൻ* മടിച്ചപ്പോൾ, ആളുകൾക്കു അതു *കാണാതിരിക്കുവാൻ* കഴിഞ്ഞില്ല!

യേശുവിനു അവന്റെ "പുകഴ്ച്ചാസ്വാഗതം" ലഭിച്ചു. നാം അവനു അതു നല്കുമോ?

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പുകൾ

[1]എബ്രായ പദമായ "മശിഹാ," എന്നതിന്റെ അർത്ഥം "അഭിഷിക്തൻ," എന്നത് ഗ്രീക്കുവാക്കായ "ക്രിസ്തു" എന്നതിനോടു തുല്യമാണ് (നോക്കുക യോഹന്നാൻ 1:41; 4:25). [2]ഈ സംഭവം നമ്മുടെ സമയം അനുസരിച്ച് ശനിയാഴ്ച്ച വൈകുന്നേരമാണ്. നമ്മുടെ ദിവസം ആരംഭിക്കുന്നത് അർദ്ധരാത്രി 12 മണിക്കാണെങ്കിൽ, യെഹൂദ ദിവസം ആരംഭിക്കുന്നത് രാവിലെ 6 മണിക്കാണ്. അതുകൊണ്ട്, ഈ അത്താഴം നടന്നത് ഞായറാഴ്ച്ച തുടങ്ങുമ്പോഴായിരുന്നു. ഇതിന് യോഹന്നാൻ സമയാനുക്രമ സൂചന നല്കുന്നുണ്ട്: (1) പെസഹക്ക് 6 ദിവസം മുൻപായിരുന്നു യേശു ബെഥാന്യയിലെ പട്ടണത്തിൽ എത്തിയത് (യോഹന്നാൻ 12:1), (2) അവന്റെ വിജയപ്രവേശനം സംഭവിച്ചത് "അടുത്ത ദിവസം" ഭക്ഷണശേഷമായിരുന്നു (യോഹന്നാൻ 12:12). [3]അപ്പൊസ്തലന്മാർ "അയക്ക - പ്പെട്ട" സന്ദേശവാഹകർ ആയിരുന്നു. തന്റെ രാജ്യവ്യാപ്തിക്കായി സഹായിപ്പാൻ യേശു തിരഞ്ഞെടുത്ത പന്ത്രണ്ടു പുരുഷന്മാരായിരുന്നു അവർ (നോക്കുക ലൂക്കൊസ് 6:13–16). [4]"ശിഷ്യന്മാർ" അർത്ഥം "പിൻപറ്റുന്നവർ" അല്ലെങ്കിൽ "പഠിക്കുന്നവർ" എന്നാണ്. ഈ വാക്ക് പൊതുവിൽ ചിലപ്പോൾ യേശുവിനെ അനുഗമിക്കുന്നവരെ വിളിച്ചിട്ടുണ്ട് (നോക്കുക മത്തായി 9:14) ചിലപ്പോൾ പന്ത്രണ്ട് അപ്പൊസ്തലന്മാരെയും പ്രത്യേകം വിളിച്ചിട്ടുണ്ട് (നോക്കുക മത്തായി 10:1).

© 2009 Truth for Today